സ്പോർട്സ്

ഫേവറിറ്റുകളല്ലെന്ന് കുക്ക്

ടെസ്റ്റിലും ട്വന്റി-20 യിലും മികച്ച പ്രകടനമാണ് കാഴ്ചവച്ചതെങ്കിലും ഇന്ത്യയ്ക്കെതിരായ ഏകദിന പരമ്പരയിൽ തങ്ങളെ ഫേവറിറ്റുകളായി കാണേണ്ടെന്ന് ഇംഗ്ലണ്ടിന്റെ പുതിയ ഏകദിന നായകൻ അലസ്റ്റിയർ കുക്ക്. ഇന്ത്യ ലോകചാമ്പ്യന്മാരും മികച്ച ടീമുമാണെന്ന് കുക്ക് വിലയിരുത്തി.

കാർത്തികേയന് ഹീറോ സ്പോൺസർ

ഒക്ടോബറിൽ നടക്കുന്ന ഫോർമുല വൺ ഇന്ത്യൻ ഗ്രാൻഡ് പ്രീയിൽ മത്സരിക്കുന്ന ഇന്ത്യയുടെ നാരായൺ കാർത്തികേയനെ ഹീറോ മോട്ടോഴ്സ് സ്പോൺസർ ചെയ്യും. ഹിസ്പാനിയയ്ക്കുവേണ്ടി മത്സരിക്കുന്ന കാർത്തികേയൻ ഇന്ത്യയുടെ പ്രഥമ ഫോർമുല വൺ ഡ്രൈവറാണ്.

പാക് കോച്ചാകാൻ വാട്ട്മോറും

വഖാർ യൂനിസിന് പകരം പാക് ക്രിക്കറ്റ് ടീം കോച്ച് സ്ഥാനത്തേക്ക് മുൻ ലങ്കൻ കോച്ചും കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് കോച്ചുമായ ഡേവ് വാട്ട്മോറും പരിശ്രമിച്ചിരുന്നു. മുൻ ദക്ഷിണാഫ്രിക്കൻ കോച്ച് മിക്കി ആർതർ, പീറ്റർ മൂർസ്, അക്വിബ് ജാവേദ് തുടങ്ങിയവരും ഈ കസേര നോട്ടമിടുന്നുണ്ട്.

മെസി വന്നു, കളിച്ചു, കീഴടക്കി

◆ സൗഹൃദമത്സരത്തിൽ അർജന്റീന 1–0ത്തിന് വെനിസ്വേലയെ തകർത്തു

◆ വിജയഗോളടിച്ചത് ഒട്ടാമണ്ടി, വഴിയൊരുക്കിയത് മെസി

കൊൽക്കത്ത: കൊൽക്കത്തയിലെ സാൾട്ട്‌ലേക്കിൽ കാത്തിരുന്ന പതിനായിരങ്ങളെ കോരിത്തരിപ്പിച്ച ലയണൽ മെസി ഗോളടിച്ചില്ലെങ്കിലും ഗോളടിപ്പിച്ച് അർജന്റീനയെ വിജയത്തിലെത്തിച്ചു.

ഇന്നലെ വെനിസ്വേലയ്ക്കെതിരെ നടന്ന അന്താരാഷ്ട്ര സൗഹൃദ മത്സരത്തിലാണ് ദേശീയ ടീമിന്റെ ക്യാപ്ടനായെത്തിയ മെസി തുടക്കം മുതൽ ഒടുക്കം വരെ മന്ത്രിക ചലനങ്ങൾ നടത്തി ആരാധകരെ ആവേശത്തിലാക്കിയത്. 67-ാം മിനിട്ടിൽ മെസിയുടെ പാസിൽ നിന്ന് നിക്കോളാസ് ഒട്ടാമണ്ടിയാണ് അർജന്റീനയുടെ വിജയഗോൾ നേടിയത്. തൊട്ടുമുൻപ് മെസിയുടെ ബൂട്ടിൽ നിന്ന് ഒരുഗ്രൻ ഷോട്ട് പോസ്റ്റിൽത്തട്ടി ചിതറിയില്ലായിരുന്നെങ്കിൽ വിജയമാർജിൻ വീണ്ടുമുയർന്നേനേ.

കോപ്പ അമേരിക്കയിൽ നാലാം സ്ഥാനം നേടിയ വെനിസ്വേല അർജന്റീനയെ ഭയം കൂടാതെ നേരിട്ടപ്പോൾ വാശിയേറിയ കാൽപ്പന്തുകളിക്കാണ് കൊൽക്കത്ത സാക്ഷ്യം വഹിച്ചത്. 1,20,000 പേർക്കിരിക്കാവുന്ന സാൾട്ട് ലേക്കിലെ യുവഭാരതി ക്രീഡാംഗണിൽ ഇന്നലെ 75,000 പേരേയുണ്ടായിരുന്നുള്ളുവെങ്കിലും ആവേശത്തിന്റെ അളവിൽ കുറവുണ്ടായില്ല. ഇരുഭാഗത്തും മികച്ച മുഹൂർത്തങ്ങൾ പിറന്ന മത്സരത്തിൽ മെസിയിലായിരുന്നു ഏവരുടെയും കണ്ണുകൾ. അർജന്റീന കോച്ച് സ്ഥാനമേറ്റെടുത്ത സാബല്ലെയുടെ ആദ്യമത്സരവും ആദ്യവിജയവുമായി കൊൽക്കത്തയിലേത്.

കളി തുടങ്ങി രണ്ടാം മിനിട്ടിൽ തന്നെ മെസിയുടെ കാലിൽ പന്തെത്തിയപ്പോൾ സാൾട്ട്‌ലേക്കിൽ മെസിമന്ത്രം ഉച്ചസ്ഥായിയിലായി. തൊട്ടടുത്ത മിനിട്ടിൽ മാന്ത്രിക പദചലനങ്ങളുമായി വെനിസ്വേലൻ ബോക്സിന് തൊട്ടടുത്തെത്തിയ മെസി ഫൗൾ ചെയ്യപ്പെട്ടു. ആറാം മിനിട്ടിലും മെസിയുടെയൊരു മാന്ത്രികമുന്നേറ്റം ഫലം കാണാതെപോയി. ഒൻപതാം മിനിട്ടിൽ മെസിയുടെ കൃത്യമായ ഒരു പാസ് ബോക്സിനുള്ളിൽ നിന്ന ഏൻജൽ ഡി മരിയയ്ക്ക് ലഭിച്ചെങ്കിലും വെനിസ്വേലൻ ഡിഫൻഡർ റൊസാലസ് അപകടമൊഴിവാക്കിവിട്ടു.

ഇന്നലെ കൊൽക്കത്തയിൽ വെനിസ്വേലയ്ക്കെതിരെ നടന്ന അന്താരാഷ്ട്ര സൗഹൃദ മത്സരത്തിൽ മെസിയുടെ മുന്നേറ്റം

ആദ്യ 15 മിനിട്ടുകളിൽ ആക്രമണത്തിൽ അധികം ആവേശം കാട്ടാതെ പാസിംഗിൽ കൃത്യത പാലിച്ച് താളം കണ്ടെത്താനായിരുന്നു അർജന്റീനയുടെ ശ്രമം.

16-ാം മിനിട്ടിൽ വെനിസ്വേലയുടെ ഭാഗത്തുനിന്ന് ഉഗ്രനൊരു മുന്നേറ്റം കണ്ടു. പക്ഷേ റോൺസൺ ഗോളി റൊമേറോയെ മാത്രം മുന്നിൽ നിറുത്തി സുവർണാവസരം പാഴാക്കുകയായിരുന്നു. രണ്ട് മിനിട്ടിന് ശേഷം മരിയയുടെ പ്രത്യാക്രമണവും ഇടതുപോസ്റ്റിന് അകലെ കൂടി പറന്നുപോകുകയായിരുന്നു. 33-ാം മിനിട്ടിൽ മെസിയുടെ ഒരു തകർപ്പൻ ഷോട്ട് പോസ്റ്റിൽ തട്ടി മടങ്ങി. തുടർന്ന് ആദ്യപകുതി അവസാനിക്കുംവരെ വെനിസ്വേലക്കാരുടെ മുന്നേറ്റമാണ് കണ്ടത്. അർജന്റീനയുടെ പ്രതിരോധനിരയിൽ ഡെമിഷെലിസും സബലേറ്റയും പണിപ്പെട്ടാണ് എതിരാളികളെ നിയന്ത്രിച്ചത്. ഗോളി റൊമേറോ ഭാഗ്യംകൊണ്ട് ഗോൾ വഴങ്ങാതെ ആദ്യപകുതി കാത്തു.

മാറ്റങ്ങളൊന്നും കൂടാതെ ഇരുടീമുകളും രണ്ടാം പകുതി തുടങ്ങിയപ്പോൾ 48-ാം മിനിട്ടിൽ ഗോൺസാലസിന്റെ ഷോട്ട് അർജന്റീനയുടെ പോസ്റ്റിന് മുകളിലൂടെ പറന്നു. തുടർന്ന് വെനിസ്വേല പ്രതിരോധം ശക്തമാക്കുകയും ആക്രമണത്തിന് നേരം കണ്ടെത്തുകയും ചെയ്തു. 60-ാം മിനിട്ടിൽ വെനിസ്വേല ഗോളിന് അടുത്തെത്തിയെങ്കിലും ഗോളി റൊമേറോയുടെ തകർപ്പൻ സേവ് വിലങ്ങുതടിയായി. ബോക്സിനുള്ളിൽ ഗോൺസാലസിൽ നിന്ന് റാഞ്ചിയെടുത്ത പന്തുമായി മുന്നേറി റൊസാലസ് തൊടുത്ത ഷോട്ട് റൊമേറോ ഇടത്തേക്ക് ഡൈവ് ചെയ്ത് തട്ടിയകറ്റുകയായിരുന്നു.

61-ാം മിനിട്ടിൽ അർജന്റീന അൽവാരസിനെ, ജാവിയർ പാസ്റ്റോറിന് പകരമിറക്കി. 64-ാം മിനിട്ടിൽ മെസി തൊടുത്ത ഒരു ഫ്രീകിക്ക് ഗോളായെന്നുറപ്പിച്ച് ഗാലറിയാകെ പ്രകമ്പനം കൊണ്ടു. പക്ഷേ, പന്ത് പോസ്റ്റിന്റെ മുകളിലെ മൂലയിൽ തട്ടി പുറത്തേക്ക് പോകുകയായിരുന്നു. കൊൽക്കത്ത കൊതിച്ച ഗോളിന് മൂന്ന് മിനിട്ട് കൂടിയേ കാത്തിരിക്കേണ്ടിവന്നുള്ളൂ. അത്രയും നേരം അദ്ധ്വാനിച്ചുകളിച്ച മെസി തന്നെയാണ് ഗോളിന് അരങ്ങൊരുക്കിയതും. ഫ്രണ്ട് പോസ്റ്റിൽ നിൽക്കുകയായിരുന്ന ഒട്ടാമണ്ടിയുടെ തല ലക്ഷ്യമിട്ട് മെസി ഉയർത്തിവിട്ട പന്തിനെ ഹെഡ് ചെയ്താണ് അർജന്റീന ഗോൾ വീഴ്ത്തിയത്. തുടർന്ന് മെസി ഗോളടിക്കാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. അർജന്റീനാ നിരയിൽ 77-ാം മിനിട്ടിൽ ഹിഗ്വെയ്ൻ പകരം കുൻ അഗ്യൂറോ ഇറങ്ങി.

ധോണി

ജീവശ്വാസം തേടി ധോണിപ്പട

ഇന്ത്യ-ഇംഗ്ലണ്ട് ആദ്യ ഏകദിനം ഇന്ന്

ലണ്ടൻ: ടെസ്റ്റും ട്വന്റി-20 യും തോറ്റ് തുന്നം പാടിയ ഇന്ത്യയ്ക്ക് തലയിൽ മുണ്ടിടാതെ ഇംഗ്ലണ്ടിൽനിന്ന് മടങ്ങാനുള്ള അവസാന അവസരത്തിന് ഇന്ന് തുടക്കമാകും. ഇംഗ്ലണ്ടിനെതിരായ അഞ്ചു മത്സരപരമ്പരയിലെ ആദ്യ കളിയാണ് ഇന്ന് ചെസ്റ്റർ ലെസ്ട്രീറ്റിൽ നടക്കുന്നത്. ഈ പരമ്പര 4-1 ന് സ്വന്തമാക്കിയാൽ ഇന്ത്യയ്ക്ക് ഏകദിനത്തിലെ രണ്ടാം റാങ്കിലേക്ക് ചുവടുവയ്ക്കാമെന്നത് ധോണിക്ക് ഊർജ്ജം പകരുന്ന വാർത്തയാണ്.

ടെസ്റ്റ് പരമ്പരയിൽ 4-0 ത്തിന് തോറ്റതിന് പിന്നാലെ ഏക ട്വന്റി-20 യിലെ പരാജയം ഇന്ത്യൻ ടീമിന്റെ ആത്മവിശ്വാസത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഏകദിന ലോകകപ്പ് ചാമ്പ്യൻമാരെന്ന കേമത്തം ഇംഗ്ലണ്ടിനോട് ചെലവാകുന്ന സാഹചര്യമല്ല ഇപ്പോഴുള്ളത്. സമീപകാലത്തെ താരങ്ങളുടെ ഫോമാണ് ഇംഗ്ലണ്ടിന്റെ പ്ളസ് പോയിന്റ്. ക്യാപ്ടൻ കുപ്പായത്തിലിറങ്ങുന്ന കുക്കിനൊപ്പം ആൻഡേഴ്സൺ, ഇയാൻ ബെൽ, ബൊപ്പാറ, ഡെൻബാച്ച്, മോർഗൻ, സ്വാൻ, ട്രോട്ട് തുടങ്ങി മികച്ച ഫോമിലുള്ള താരങ്ങളാണ് ഇന്ത്യയെ വിറപ്പിക്കാനിറങ്ങുന്നത്. പീറ്റേഴ്സന്റെ അഭാവമാണ് ഇന്ത്യയുടെ പിടിവള്ളി.

സഹീർഖാൻ, വിരേന്ദർ സെവാഗ്, യുവ്രാജ് സിംഗ്, ഹർഭജൻ, ഗൗതം ഗംഭീർ തുടങ്ങിയവരുടെ പരിക്കിന്റെ ഷോക്കിൽ നിന്ന് ഇന്ത്യ ഇനിയും ഉണർന്നിട്ടില്ല. ഏകദിന ടീമിലേക്ക് തിരികെയെത്തിയ ദ്രാവിഡ് തന്റെ ആദ്യത്തെയും അവസാനത്തെയും അന്താരാഷ്ട്ര ട്വന്റി-20 യിൽ പുറത്തെടുത്ത ഷോട്ടുകൾ ഏകദിനത്തിലും പ്രതീക്ഷയുണർത്തുന്നു. സച്ചിൻ കരിയറിലെ 100-ാം സെഞ്ച്വറിയെന്ന നാഴികക്കല്ലു തേടിയിറങ്ങുമ്പോൾ ട്വന്റി-20 യിൽ മികവ് കാട്ടിയ അജിങ്ക്യ രഹാനെയും രോഹിത് ശർമ്മയും ആശ്വാസമാണ്. വിരാടും റെയ്നയും ധോണിയും കൂടി മിന്നിയെങ്കിലേ ഇന്ത്യയ്ക്ക് മികച്ച സ്കോർ നേടാനാകൂ.

ബൗളിംഗാണ് ഇന്ത്യയുടെ പ്രധാന പ്രശ്നം. പ്രവീൺ, മുനാഫ്, അശ്വിൻ, വിനയ്കുമാർ എന്നിവർക്കൊപ്പം അഞ്ചാം ബൗളറായി ആരെ വേഷം കെട്ടിക്കും എന്നതാണ് ധോണി നേരിടുന്ന പ്രധാന വെല്ലുവിളി.

[ടിവി ലൈവ് : ഉച്ചയ്ക്ക് 2.30 മുതൽ സ്റ്റാർ ക്രിക്കറ്റിൽ]

ഇന്ത്യക്കാർ കഴുതകളെന്ന് ഹുസൈൻ

ന്യൂഡൽഹി : ഇംഗ്ലണ്ടിനെതിരായ ട്വന്റി-20 മത്സരത്തിനിടെ ഇന്ത്യൻ ഫീൽഡർമാരെ കഴുതകളെന്ന് വിശേഷിപ്പിച്ച മുൻ ഇംഗ്ലണ്ട് ക്യാപ്ടനും കമന്റേറ്ററുമായ നാസർ ഹുസൈൻ വെട്ടിലായി. ഹുസൈന്റെ ഈ വിളിക്കെതിരെ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡുതന്നെ രംഗത്തിറങ്ങിയിരിക്കുകയാണ്.

ട്വന്റി-20 യ്ക്കിടെ മുനാഫ് പട്ടേലിന്റെ ബൗളിംഗിൽ പാർത്ഥിവ് പട്ടേൽ പീറ്റേഴ്സന്റെ ക്യാച്ച് കൈവിട്ടപ്പോഴാണ് ഹുസൈനിൽ നിന്ന് അനാവശ്യ കമന്റ് ഉണ്ടായത്. "ഇരുടീമുകളും തമ്മിലുള്ള ഏക വ്യത്യാസം ഫീൽഡിംഗിലാണ്. ഇംഗ്ലണ്ട് ടീമിലെ എല്ലാവരും മികച്ച ഫീൽഡർമാരാണ്. അതേസമയം, ഇന്ത്യൻ ടീമിൽ മികച്ചവരായി മൂന്നോ നാലോ പേരേയുള്ളൂ. ഫീൽഡിലുള്ള ഒന്നുരണ്ടുപേർ ശരിക്കും കഴുതകൾ തന്നെ"- ഹുസൈന്റെ കമന്റ് ഇങ്ങനെയായിരുന്നു.

ഹുസൈന്റെ കമന്റ് തീർത്തും അനാവശ്യമാണെന്നും ഹുസൈനെതിരെ നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ട് തങ്ങൾ ഐ.സി.സിയെ സമീപിക്കുമെന്നും ബി.സി.സി.ഐ വക്താവ് രാജീവ് ശുക്ള പറഞ്ഞു. ഇത്തരത്തിലൊരു മോശം പരാമർശം നടത്തിയതിന് ഹുസൈൻ മാപ്പുപറയണമെന്ന് മുൻ ഇന്ത്യൻ ക്യാപ്ടൻ മുഹമ്മദ് അസ്ഹറുദ്ദീൻ ആവശ്യപ്പെട്ടു. ഒരു ടീമിന്റെ ക്യാപ്ടനായിരുന്നിട്ടുള്ളയാൾ ഇത്തരത്തിലൊരു കമന്റുണ്ടാക്കാൻ പാടില്ലെന്നും അസ്ഹർ പറഞ്ഞു. ഹുസൈന്റെ കമന്റിനെതിരെ മറ്റ് മുൻ ഇന്ത്യൻ താരങ്ങളും രംഗത്തുവന്നിട്ടുണ്ട്.

ആസ്ട്രേലിയ ജയത്തിലേക്ക്

ഗാലെ : ശ്രീലങ്കയ്ക്കെതിരെയുള്ള ആദ്യ ടെസ്റ്റിൽ ആസ്ട്രേലിയ വിജയത്തിലേക്ക്. മൂന്നാം ദിനം കളി അവസാനിപ്പിക്കുമ്പോൾ ശ്രീലങ്ക 5 വിക്കറ്റ് നഷ്ടത്തിൽ 120 റൺസ് എടുത്തിട്ടുണ്ട്. 57 റൺസെടുത്ത മഹേല ജയവർദ്ധനയും 32 റൺസോടെ എയ്ഞ്ചലോ മാത്യൂസുമാണ് ക്രീസിൽ. പരാജയം ഒഴിവാക്കാൻ ശ്രീലങ്കയ്ക്ക് ഇനി 259 റൺസുകൂടി വേണം. രണ്ടാം ഇന്നിംഗ്സിൽ 3 വിക്കറ്റെടുത്ത റയാൻ ഹാരിസും ട്രെന്റ് കോപ്പ്ലാൻഡും ചേർന്നാണ് ശ്രീലങ്കയെ പിടിച്ചുകെട്ടിയത്. നേരത്തെ രണ്ടാം ദിവസത്തെ സ്കോറിനോട് 95 റൺസ് കൂടി ചേർത്ത ആസ്ട്രേലിയ 210 റൺസിൽ ആൾ ഔട്ടായി. രംഗണ ഹെറാത്ത് അഞ്ചു വിക്കറ്റെടുത്തു.

സിംബാബ്വേക്ക് മികച്ച സ്കോർ

ബുലാവായോ: ഓപ്പണർ ടിനോ മവോയോ (163*) യുടെ കന്നി സെഞ്ചറിയുടെ പിൻബലത്തിൽ പാകിസ്ഥാനെതിരായ ടെസ്റ്റിൽ സിംബാബ്വെ ഒന്നാം ഇന്നിംഗ്സിൽ 412 റൺസിന് ആൾ ഔട്ടായി. മറുപടി ബാറ്റിംഗ് ആരംഭിച്ച ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ പാകിസ്ഥാൻ ഒരു വിക്കറ്റ് നഷ്ടത്തിൽ 28 റൺസെടുത്തിട്ടുണ്ട്.

ബാസ്കറ്റ് ബാൾ കോച്ചസ് ക്ളിനിക്

തിരുവനന്തപുരം : മഹീന്ദ്ര എൻ.ബി.എ ബാസ്കറ്റ് ലീഗിന്റെ ഭാഗമായി ഇന്നുച്ചയ്ക്ക് 2ന് അമേരിക്കൻ പരിശീലകൻ ട്രോയ് ജസ്റ്റിസ് കോച്ചസ് ക്ളിനിക്ക് നടത്തും. ലീഗിന്റെ ഉദ്ഘാടനച്ചടങ്ങ് മൂന്നുമണിക്ക് നടക്കും. ആകാഷ് ജെയ്ൻ, മുഹമ്മദൽ ചൂനിയ തുടങ്ങിയവർ പങ്കെടുക്കും.

ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ്

പാട്ടുംപാടി ബോൾട്ട് ഫൈനലിൽ

◆ ഉസൈൻ ബോൾട്ട് 200 മീറ്റർ ഫൈനലിൽ

◆ ടിന്റു സെമിയിൽ പുറത്ത്, ഒളിമ്പിക് യോഗ്യത നേടി

ഉസൈൻ ബോൾട്ട് 200 മീറ്ററിന്റെ സെമിഫൈനലിൽ വിജയിച്ച ശേഷം

ദേഗു : 100 മീറ്ററിൽ ഫൗൾ സ്റ്റാർട്ടിന്റെ പേരിൽ പുറത്തായ ലോക ചാമ്പ്യൻ ഉസൈൻ ബോൾട്ട് 200 മീറ്ററിന്റെ സെമിഫൈനലിൽ ഈസിയായി ഒന്നാം സ്ഥാനം നേടി ഫൈനലിലേക്ക് യോഗ്യത നേടി.

100 മീറ്റർ ഫൈനലിലെ ആഘാതത്തിന്റെ വേദനകളൊന്നും മനസിലില്ലാതെ തികച്ചും ഉല്ലാസവാനായി 200 മീറ്റർ സെമിയിൽ ഓടാനിറങ്ങിയ ബോൾട്ട് പതിവ് ശൈലിയിൽ എതിരാളികളെയെല്ലാം പിന്നിലാക്കിയ ശേഷം ഇടംവലം തലതിരിച്ചു നോക്കി ജോഗ് ചെയ്താണ് ഒന്നാമനായത്. ഇത്ര ഈസിയായി ഓടിയിട്ടും 20.31 സെക്കൻഡിൽ ഫിനിഷ് ചെയ്യാൻ ബോൾട്ടിന് കഴിഞ്ഞു.

കഴിഞ്ഞ ദിവസത്തെ കണ്ണീർ ഓർമ്മയിലേ ഇല്ലാത്ത മട്ടിൽ കാണികളെയും കാമറകളെയും നോക്കി തന്റെ സ്ഥിരം ആകർഷണുകൾ കാട്ടിയ ബോൾട്ടിന് മികച്ച സ്റ്റാർട്ട് ലഭിച്ചില്ല. പക്ഷേ, തുടക്കത്തിലെ പാളിച്ച ആദ്യ അമ്പതുമീറ്ററിനുള്ളിൽ ബോൾട്ട് മറികടന്നു. അതിനുശേഷമായിരുന്നു ഓട്ടത്തിനിടയിലെ ബോൾട്ടിന്റെ 'ഷോ.' ബോൾട്ടിനൊപ്പം ഓടിയവരിൽ 20.50 സെക്കൻഡിൽ ഫിനിഷ് ചെയ്ത നോർവേയുടെ ജയസുമ രണ്ടാമനായി ഫൈനലിലെത്തി. ഇന്നാണ് 200 മീറ്റർ ഫൈനൽ.

അതേസമയം, ഇന്നലെ നടന്ന വനിതാ വിഭാഗം 800 മീറ്ററിൽ ഇന്ത്യൻ താരം ടിന്റു ലൂക്ക ആറാം സ്ഥാനത്തായി. റഷ്യയുടെ മരിയ സാവിനോവ, കെനിയയുടെ ബുസിയേ നേയി തുടങ്ങിയവർക്കൊപ്പം രണ്ടാമത്തെ സെമിഫൈനലിലിറങ്ങിയ ടിന്റു 2:00.59 മിനിട്ടിലാണ് ഫിനിഷ് ചെയ്തത്. 1:58.45മിനിട്ടിൽ ഫിനിഷ് ചെയ്ത സാവിനോവയും 1:58.50 മിനിട്ടിൽ ഫിനിഷ് ചെയ്ത ബുസിയേനേയിയും ഈ സെമിയിൽ നിന്ന് ഫൈനലിലേക്ക് യോഗ്യത നേടി. എന്നാൽ, സീസണിലെ മികച്ച സമയം കണ്ടെത്തിയ ടിന്റു 2012 ലണ്ടൻ ഒളിമ്പിക്സിലേക്ക് യോഗ്യത നേടി. 2:01.30 മിനിട്ടാണ് ഒളിമ്പിക്സിന്റെ ബികാഖളിഫൈയിംഗ് സ്റ്റാൻഡേർഡ്. മൂന്നാമത്തെ സെമിയിൽ മത്സരിച്ച ദക്ഷിണാഫ്രിക്കയുടെ വിവാദതാരം കാസ്റ്റർ സെമന്യ 1:58.07 സെക്കൻഡിൽ ഫിനിഷ് ചെയ്ത് ഫൈനലിലേക്ക് ടിക്കറ്റെടുത്തു.

ഇന്നലെ പുരുഷവിഭാഗം ഷോട്ട്പുട്ടിൽ 21.78 മീറ്റർ എറിഞ്ഞ ജർമ്മനിയുടെ ഡേവിഡ് സ്റ്റോൾ സ്വർണം നേടി. കാനഡയുടെ ഡിലാൻ ആംസ്ട്രോംഗ് വെള്ളിയും ബലറൂസിന്റെ ആന്ദ്രേ വെങ്കലവും കരസ്ഥമാക്കി. വനിതാ ജാവലിൻ ത്രോയിൽ 71.99 മീറ്റർ എറിഞ്ഞ റഷ്യയുടെ മരിയ അസുകുമോവ ചാമ്പ്യൻഷിപ്പ് റെക്കാഡോടെ സ്വർണം നേടി. പുരുഷവിഭാഗം ലോംഗ്ജമ്പിൽ അമേരിക്കയുടെ ഡെയ്റ്റ് ഫിലിപ്പ്സിനാണ് സ്വർണം. ഡെയ്റ്റ് 8.45 മീറ്ററാണ് ചാടിയത്. 8.33 മീറ്റർ ചാടിയ ആസ്ട്രേലിയയുടെ മിച്ചേൽ വാൾട്ട് രണ്ടാമനായി.

വനിതാ വിഭാഗം 5000 മീറ്ററിൽ കെനിയയുടെ വിവിയൻ ചെറിയോട്ട് സ്വർണവും സിൽവിയ കിബെറ്റ് വെള്ളിയും കരസ്ഥമാക്കി. എത്യോപ്യയുടെ മാസ്റെറ്റ് ഡെഫാറിനാണ് വെങ്കലം. വനിതകളുടെ 200 മീറ്ററിൽ ജമൈക്കയുടെ വെറോണിക്ക കാംപെൽ ബ്രൗണിനാണ് സ്വർണം. 22.22 സെക്കൻഡിലാണ് വെറോണിക്ക ഫിനിഷ് ചെയ്തത്. 100 മീറ്ററിൽ സ്വർണം നേടിയിരുന്ന അമേരിക്കയുടെ കാർമലീത്ത ജെറ്റർ രണ്ടാം സ്ഥാനത്തായി. ഇന്നലെ അവസാന ഇനമായി നടന്ന 4 X 400 മീറ്റർ റിലേയിൽ ദക്ഷിണാഫ്രിക്കയെ രണ്ടാമതാക്കി അമേരിക്ക സ്വർണം നേടി. കൃത്രിമക്കാലുമായി ഓടുന്ന ഓസ്കർ പിറ്റോറിയസിനെ ദക്ഷിണാഫ്രിക്ക ഫൈനലിനുള്ള ടീമിൽ ഉൾപ്പെടുത്തിയില്ല.

ചാമ്പ്യൻഷിപ്പ് ഏഴുദിവസം പിന്നിട്ടപ്പോൾ അമേരിക്ക 16 മെഡലുകളുമായി ഒന്നാം സ്ഥാനത്തു തുടരുന്നു.

വൊസ്നിയാക്കി മുന്നോട്ട്

ന്യൂയോർക്ക്: ലോക ഒന്നാം നമ്പർ താരം കരോളിൻ വൊസ്നിയാക്കി യു. എസ് ഓപ്പൺ ടെന്നിസ് ടൂർണമെന്റിന്റെ മൂന്നാം റൗണ്ടിൽ കടന്നു. സ്വന്തം നാട്ടുകാരിയായ അരാന്ദ്ര റസിനെയാണ് വൊസ്നിയാക്കി തോൽപ്പിച്ചത്. സ്കോർ: 6-2, 6-0.

ഇന്ത്യയുടെ സാനിയ മിർസ - മഹേഷ് ഭൂപതി സഖ്യം മിക്സഡ് ഡബിൾസ് ആദ്യ റൗണ്ടിൽ പുറത്തായി. ചെക്ക് റിപ്പബ്ളിക്കിന്റെ ലൂസി ഹ്റാദെക്ക് - ഫ്രാന്റിസെക് സെർമാക് സഖ്യമാണ് ഇന്ത്യൻ സഖ്യത്തെ തോൽപ്പിച്ചത്. സ്കോർ: 3-6, 6-7 (5). സോംദേവ് ദേവ്വർമ്മൻ ഫിലിപ്പിനോയുടെ ട്രീറ്റ് കോൺറാസിനോടൊപ്പം ഡബിൾസിൽ രണ്ടാം റൗണ്ടിലെത്തി. റഷ്യയുടെ ഇഗോർ അന്ദ്രീവ് - ഇഗോർ കുനിറ്റ്സിൻ സഖ്യത്തെയാണ് ഇവർ തോൽപ്പിച്ചത്. സ്കോർ: 6-3, 6-4.

പുരുഷവിഭാഗം ഒന്നാം നമ്പർ നൊവാക് ജോക്കോവിച്ച് അർജന്റീനയുടെ കാർലോസ് ബെർലോക്കിനെ മൂന്ന് സെറ്റുകൾക്ക് തകർത്ത് മൂന്നാം റൗണ്ടിൽ കടന്നു. സ്കോർ: 6-0, 6-0, 6-2. മുൻ ചാമ്പ്യൻ റോജർ ഫെഡറർ ഇസ്രയേലിന്റെ ഡൂസി ബെല്ലയെ എതിരില്ലാത്ത മൂന്ന് സെറ്റുകൾക്ക് കീഴ്പ്പെടുത്തി മൂന്നാം റൗണ്ടിലെത്തി.

ജൂനിയർ വനിതാ ഹോക്കി

തിരുവനന്തപുരം : 42-ാമത് സംസ്ഥാന ജൂനിയർ വനിതാ ഹോക്കി ചാമ്പ്യൻഷിപ്പ് ഇന്നുവൈകിട്ട് സെൻട്രൽ സ്റ്റേഡിയത്തിൽ സംസ്ഥാന വനിതാ ഹോക്കി അസോസിയേഷൻ പ്രസിഡന്റ് ഏലിയാമ്മ ഇട്ടി ഉദ്ഘാടനം ചെയ്യും.